"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം-തൃശ്ശൂർ ജില്ലയിലെ വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ ഓഫീസ് അറ്റന്റന്റ് ആയ ശ്രീ.അബിൻ. യു.എസ്-ന് കെ.എസ്.ആർ ഭാഗം 1, ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.111/2024/LSGD തീയതി,തിരുവനന്തപുരം, 13-01-2024

---

പരാമർശം:-
1. 14.06.1994ലെ 36/94/ധന നമ്പർ സർക്കുലർ.
2. 10/08/2021 ലെ DDP-TSR/3564/2019-E2 നം ഉത്തരവ്
3. ശ്രീ.അബിൻ. യു.എസ്-ന്റെ 06.10.2022 ലെ അപേക്ഷ.
4. പഞ്ചായത്ത് ഡയറക്ടറുടെ 09.05.2023 ലെ DEF3/9364/2023/PD നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തൃശ്ശൂർ ജില്ലയിലെ വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ ഓഫീസ് അറ്റന്റന്റ് ആയ ശ്രീ.അബിൻ. യു.എസ്- ടിയാൻ അനധികൃത ഹാജരില്ലായ്മയിലായിരുന്ന 20/02/2019 മുതൽ 31/08/2021 വരെയുള്ള അവധികാലയളവ് ചികിത്സാർത്ഥം മെഡിക്കൽ ഗ്രൗണ്ടിൽ ശൂന്യവേതനാവധിയായി ക്രമീകരിക്കണമെന്നാവശ്യപ്പെട്ട് പരാമർശം ( 2 ) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (3) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. ശ്രീ. അബിൻ. യു.എസ് വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കവേ 20/02/2019 മുതൽ 120 ദിവസത്തെ ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും ടി കാലയളവ് അധികരിച്ചിട്ടും സേവനത്തിൽ പ്രവേശിക്കാതെ അനധികൃതമായി ഹാജരില്ലായ്മയിൽ തുടരുകയും, ആയതിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെ അച്ചടക്ക നടപടി ആരംഭിക്കുകയും തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പരാമർശം (2) നടപടിക്രമം പ്രകാരം ടിയാനെതിരെയുള്ള അച്ചടക്ക നടപടികൾ , 20/02/2019 മുതൽ 31/08/2021 തീയതിവരെയുള്ള ടിയാന്റെ അനധികൃത ഹാജരില്ലായ്മ ക്രമവത്കരിക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിന് നിർദേശിച്ചും തീർപ്പാക്കി ഉത്തരവായിട്ടുണ്ട് എന്നും ആയതിനാൽ ശ്രീ.അബിൻ.യുഎസ്-ന്റെ അനധികൃത കാലയളവ് ശൂന്യവേതനാവധിയായി ക്രമീകരിക്കാവുന്നതാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ ശുപാർശ ചെയ്തിരിരിക്കുന്നു.

3 . സർക്കാർ ഇക്കാര്യം പരിശോധിച്ചു ശ്രീ.അബിൻ.യുഎസ്-നെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവായ സാഹചര്യത്തിലും, അനധികൃത ഹാജരില്ലായ്മകാലയളവ് മെഡിക്കൽ സർട്ടിഫിക്കറ്റിൻമേലുള്ള ശൂന്യവേതനാവധിയായി ക്രമീകരിക്കാനാവത്തതിനാലും ടിയാൾ 01/09/2021 ൽ തിരികെ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളതിനാലും ശ്രീ.അബിൻ . യുഎസ്- ജോലിക്ക് ഹാജരാകാതെയിരുന്ന 20/02/2019 മുതൽ 31/08/2021 വരെ, ടി കാലയളവ്, ഇൻക്രിമെന്റ്,

ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ കെ.എസ്.ആർ. , ഭാഗം 1 , ചട്ടം 8 8 പ്രകാരം ശൂന്യവേതനാവധിയായി അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തൃശ്ശൂർ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

സെക്രട്ടറി, വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

ശ്രീ.അബിൻ. യു.എസ്, ഓഫീസ് അറ്റൻഡന്റ്, ചാഴൂർ ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ധനവകുപ്പ് (08.10.2023ലെ 143/ഡെവ-1/2021/ധന നമ്പർ കറിപ്പ് പ്രകാരം)

ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(154/ഇപിഎ2/2023/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 16-01-2024 12:28:52